**കേരള സർക്കാർ**

നം.118/ഡി.എ 3/2017-തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,

തിരുവനന്തപുരം, തീയതി : 28.03.2017.

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-പതിമൂന്നാം പദ്ധതിയിലെ ആദ്യ ഗ്രാമസഭ/വാർഡുസഭ യോഗങ്ങൾ -മുഖ്യമന്ത്രി / മന്ത്രിമാർ , എം.എൽ.എ മാർ , എം.പി-മാർ, ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥ പ്രമുഖർ അവരവരുടെ ഗ്രാമസഭ/വാർഡുസഭ-കളിൽ പങ്കെടുക്കുന്നത് സം.

സൂചന:- 23.03.2017 ലെ ഇനം നം. 853 ആയ മന്ത്രിസഭാ യോഗ തീരുമാനം

പതിമൂന്നാം പദ്ധതിയിലെ ആദ്യ ഗ്രാമസഭ/വാർഡുസഭ യോഗങ്ങൾ 2017 ഏപ്രിൽ 2 മുതൽ 9 വരെയുള്ള ദിവസങ്ങളിലായി നടക്കുകയാണ് .ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിന്റെ തുടക്കം കുറിക്കുന്ന ഗ്രാമസഭ/വാർഡുസഭ എന്നതിനപ്പുറം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിത കേരളം , ആർദ്രം ,ലൈഫ് , പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ വികസന ദൗത്യങ്ങളുടെ താഴെത്തട്ടിലുള്ള പ്രവർത്തനങ്ങൾക്കും ഇതോടെ തുടക്കം കുറിക്കുകയാണ് . ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുള്ള ആദ്യ പദ്ധതി രൂപീകരണ ഗ്രാമസഭ/വാർഡുസഭകൾ എന്ന പ്രത്യേകതയും ഇതിനുണ്ട് . തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മുൻഗണനകളും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വികസന ദൗത്യങ്ങളും ജനങ്ങളുമായി ചർച്ച ചെയ്യാൻ കഴിയുന്ന ഏറ്റവും ഫലപ്രദമായ സന്ദർഭമാണിത് . ഗ്രാമസഭ/വാർഡുസഭ യോഗങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം പതിന്മടങ്ങു വർധിപ്പിച്ചാൽ ഈ പരിപാടികളുടെ സാരാംശം ജനങ്ങളിൽ നേരിട്ട് എത്തിക്കുന്നതിനും പദ്ധതികൾക്ക് നല്ല പ്രചാരം ലഭിക്കുകയും ചെയ്യും.അതിനായി ചുവടെ പറയുന്ന കാര്യങ്ങൾ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി .

1. ബഹു. മുഖ്യമന്ത്രിയുൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും അവരുടെ സ്വന്തം ഗ്രാമസഭ/വാർഡുസഭകളിൽ പങ്കെടുക്കേണ്ടതാണ്
2. എല്ലാ എം.എൽ.എ/എം.പി. മാരും അവരുടെ ഗ്രാമസഭ/ വാർഡുകളിൽ പങ്കെടുക്കേണ്ടതാണ്.
3. ചീഫ് സെക്രട്ടറിയുൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥ പ്രമുഖരും അവരുടെ ഗ്രാമസഭ/ വാർഡുസഭകളിൽ പങ്കെടുക്കേണ്ടതാണ്.
4. ഗ്രാമസഭ/ വാർഡുസഭകൾ സംബന്ധിച്ച ഒരാഴ്ചക്കാലം നീണ്ടു നിൽക്കുന്ന പരസ്യപ്രചാരണത്തിന് പി.ആർ.ഡിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

മേൽ പറഞ്ഞ കാര്യങ്ങളിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യം ഉറപ്പ വരുത്തുന്ന കാര്യത്തിലും പദ്ധതി പൂർണ്ണ വിജയമാക്കി തീർക്കുന്ന കാര്യത്തിലും ഒരോ തദ്ദേശസ്ഥാപനവും വ്യക്തമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന കാര്യം ഉറപ്പ് വരുത്തേണ്ടതാണ് .

**വി . കെ . ബേബി**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മേയർമാർക്കും / കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർമാന്മാർക്കും / മുനിസിപ്പൽ സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്**:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**